സമഗ്ര വിദ്യാഭ്യാസ പദ്ധതി

79(1142) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാനാണ് നിർദ്ദേശം നല്കിയത്;

(ബി) നിലവിൽ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി സജീവമായി നടപ്പിലാക്കി വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) സമഗ്രവിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടത്തിയത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനത്തിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാൻ 57 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്. അതിൽ 9 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയ രൂപീകരണവും 6 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പ്രോജക്ട് തയ്യാറാക്കലും 40 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).*

(സി) സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പ്രോജക്ട് തയ്യാറാക്കുകയും ആ നിയോജക മണ്ഡലത്തിലെ പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച രണ്ട് ദിവസത്തെ മാനേജ്മെന്റ് പരിശീലനവും നൽകിവരുന്നു. ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, അതാതു മണ്ഡലത്തിലെ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം ഇവ സീമാറ്റ്-കേരളയുടെ ഫണ്ടിൽ നിന്നാണ് ചെലവു ചെയ്യുന്നത്. പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ എം.എൽ.എ. അദ്ധ്യക്ഷനായ നിയോജകമണ്ഡല സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾ തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നു കൊണ്ടിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്ന നിയോജക മണ്ഡലങ്ങളിൽ, ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, അതാതു മണ്ഡലങ്ങളിലെ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം ഇവ സീമാറ്റ്-കേരളയുടെ ഫണ്ടിൽ നിന്നാണ് ചെലവു ചെയ്യുന്നത്. സീമാറ്റ്-കേരളയ്ക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതിയ്ക്കായി പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടില്ല. അതാത് എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ., എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത്.

പ്രഥമാദ്ധ്യാപകരുടെ ഉച്ചഭക്ഷണ ഡ്യൂട്ടി

80(1143) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രഥമാദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഉച്ചഭക്ഷണ ചുമതലയിൽ നിന്നും പ്രഥമാദ്ധ്യാപകരെ ഒഴിവാക്കുന്നതിനും തമിഴ്നാട്, പോണ്ടിച്ചേരി, മാഹി, മദ്ധ്യപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിൽ ചെയ്യുന്നതുപോലെ സർക്കാർ ഏജൻസികളെക്കൊണ്ട് കേന്ദ്രീകൃത അടുക്കള സംവിധാനമൊരുക്കി ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിൽ നിന്നും സ്കൂൾ പ്രഥമാദ്ധ്യാപകരെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ പ്രഥമാദ്ധ്യാപക മേഖലയിലെ വിവിധ സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട 5, 6, 10 സ്കൂളുകൾ ഒരു ഗ്രൂപ്പായി എടുത്ത് ഒരു പൊതു അടുക്കളയിൽ ഉച്ചഭക്ഷണം പാകം ചെയ്ത് വിതരണം നടത്തുന്നതിനുള്ള സാധ്യത കുടുംബശ്രീയും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റും കൂടി പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള സ്കൂളുകളെ ഉൾപ്പെടുത്തി നിലവിലുള്ള സംവിധാനം ഉപയോഗിച്ച് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുവാൻ കുടുംബശ്രീ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly